ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. നമ്മുടെ സംസ്ഥാനത്തിന് വരുമാനമുണ്ടാകണമെങ്കിൽ സംസ്ഥാനത്തിലെ ലൈഫ് ഇൻഷ്വറൻസ് സ്കീം വിപുലപ്പെടുത്തണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പക്ഷേ ഇപ്പോൾ നാഷണലൈസ് ചെയ്ത ജനറൽ ഇൻഷ്വറൻസ് കമ്പനി ഉള്ളതുകൊണ്ടു ചില പ്രവർത്തനങ്ങൾ അവർ നടത്തുന്നുണ്ട്. പക്ഷേ സർക്കാരിന്റെ ലോൺ കൊടുക്കുന്നതിനും മറ്റും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഇൻഷ്വറൻസ് വേണമെന്നുള്ളത് തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം.

ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : നമ്മുടെ സംസ്ഥാനത്തിലെ എല്ലാ സർക്കാർ ജീവനക്കാരുടേയും ആവശ്യം പരിഗണിച്ച് എല്ലാ ജില്ലാ തലങ്ങളിലും സ്റ്റേറ്റ് ഇൻഷ്വറൻസിന്റെ ഓഫീസുകൾ തുറക്കുവാൻ ഗവൺമെൻ്റ് സന്നദ്ധമാണോ ? ഇല്ലെങ്കിൽ ആഫീസ് തുറക്കുന്നതിൽ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണ് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : എല്ലാ സ്ഥലങ്ങളിലും ഇൻഷ്വറൻസിന്റെ ഓഫീസുകൾ രൂപീകരിക്കുകയെന്നുള്ളത് ഗവൺമെൻറിന് അധിക ചെലവുണ്ടാക്കുന്നതാണ്. ഉദ്യോഗസ്ഥൻമാർക്കേതെങ്കിലും അസൗകര്യമുണ്ടെങ്കിൽ അത് പരിശോധിച്ച് അവിടെ സ്ഥാപിക്കുന്ന കാര്യം ഗവൺമെൻറ് പരിശോധിച്ചുവരികയാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ജില്ലാതല ഓഫീസുകൾ തുറക്കുന്നതിന്റെ പ്രായോഗികബുദ്ധിമുട്ടുകളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. പാലക്കാട് ജില്ലയിൽ ഇതിന്റെ ജില്ലാതല ഓഫീസ് തുറക്കണമെന്ന് ഞാൻ തന്നെ ബഹുമാനപ്പെട്ട മന്ത്രിക്ക് മെമ്മോറാണ്ടം നൽകിയതാണ്. അതിന്റെ അടിസ്ഥാനത്തിൽ അത് നടപ്പിലാക്കുന്നതിന് എന്താണ് കാലതാമസം ; അതിന് എന്തെങ്കിലും സാമ്പത്തികമായ ബുദ്ധിമുട്ടുകൾ ആണോ ? നമ്മുടെ ഗവൺമെൻറിന് വരുന്ന സാമ്പത്തിക നഷ്ടം പരിഗണിച്ചെങ്കിലും ഇത്തരം ജില്ലാതല ഓഫീസുകൾ വിശേഷിച്ചും പാലക്കാട് ജില്ലയിൽ തുറക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : കഴിയുന്നത്ര ജില്ലാ തലസ്ഥാനങ്ങളിൽ ഇൻഷ്വറൻസിന്റെ ഓഫീസ് ഉണ്ടാകണമെന്നുള്ളത് തന്നെയാണ് ഗവൺമെൻറിന്റെ നയം. പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. മിക്കവാറും അനുകൂലമായ ഒരു തീരുമാനം ഗവൺമെൻറ് എടുക്കുന്നതാണ്.

ശ്രീ. ടി. വി. വിജയരാജൻ : മോട്ടോർ ബസ്സുകൾക്ക് നേരത്തേ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതിലേക്കുള്ള മുഴുവൻ തുകയും കമ്പനികളായിരുന്നു കൊടുത്തിരുന്നത് എന്നാൽ ഇപ്പോൾ അതിന്റെ ഉടമസ്ഥർ കൊടുക്കേണ്ട ഒരുസ്ഥിതിയിലേക്ക് മാറിയിരിക്കുകയാണ്. ഇപ്പോൾ പ്രത്യേകിച്ച് വ്യത്യാസം വരാനുള്ള കാരണമെന്താണെന്ന് പറയാമോ ?

മി. സ്പീക്കർ : അത് വേറെ ചോദ്യമാണല്ലോ.

ആഗ്രോ ഇൻഡസ്ട്രീസ് - കോർപ്പറേഷൻ

* 415 (443) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

2/1931/87/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, എ. കെ. പത്മനാഭൻ :
,, സി. കെ. തങ്കപ്പൻ :
ശ്രീമതി കെ. ആർ ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ രൂപം കൊണ്ടതെന്നാണ് ;

(ബി) എന്തൊക്കെയാണ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ;

(സി) ഏതെല്ലാം വ്യവസ്ഥകളിൻമേലാണ് കൃഷിക്കാർക്ക് കാർഷിക പണി ആയുധങ്ങൾ വിതരണം ചെയ്യുന്നത് ;

(ഡി) കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണോ അതോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ഇ) നഷ്ടത്തിലാണെങ്കിൽ, ഇതിനെ ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ എൻ. സുന്ദരൻ നാടാർ) :

(എ) 22-3-1968-ലാണ് കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ രൂപം കൊണ്ടത്.

(ബി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

1. ട്രാക്ടറിന്റെയും, യന്ത്രക്കലപ്പകളുടെയും മറ്റു കാർഷിക യന്ത്രങ്ങളുടേയും വിൽപ്പനയും വിതരണവും.

2. പമ്പുസെറ്റുകൾ, പവ്വർ ട്രില്ലറുകൾ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ തവണ വ്യവസ്ഥയിൽ ലഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.

3. കാർഷിക യന്ത്രങ്ങളുടെ വിൽപ്പനാനന്തര സേവനവും കേടുപാടുകൾ തീർക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു കൊടുക്കുക.

4. കാർഷിക യന്ത്രങ്ങൾക്കു വേണ്ട സ്പെയർപാർട്ടുകൾ സംഭരിച്ചു വിൽപ്പന നടത്തുക.

5. ട്രാക്ടർ, ടില്ലർ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനു വേണ്ട പരിശീലനം നൽകുക.

6. കാർഷിക പ്രധാന്യമുള്ള ഉൽപ്പന്നങ്ങളുടെ സംസ്ക്കരണവും വിൽപ്പനയും പെറുകിട യന്ത്ര സാമഗ്രികളുടെയും ഉപകരണങ്ങളുടെയും നിർമ്മാണവും വിതരണവും നടത്തുക എന്നിവയാണ്.

(സി) താഴെപ്പറയുന്ന വ്യവസ്ഥകളിൻമേലാണ് കോർപ്പറേഷൻ കാർഷിക പണിയായുധങ്ങൾ വിതരണം ചെയ്യുന്നത് ;

1. രൊക്കം വില വാങ്ങി വിൽപ്പന നടത്തുന്നു.
2. ഹയർ പർച്ചേസ് വ്യവസ്ഥയിൽ.
3. നിശ്ചിത നിരക്കിൽ വാടകയ്ക്ക്.

(ഡി) കോർപ്പറേഷന്റെ 1984-1985, 1985-1986 എന്നീ വർഷങ്ങളിലെ ലാഭനഷ്ട കണക്കുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നതേയുള്ളു. എന്നാൽ 1983-1984-ലെ കണക്കനുസരിച്ചു കോർപ്പറേഷന് 16.47 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ലാഭ-നഷ്ട കണക്കുകൾ തിട്ടപ്പെടുത്തിയാലുടൻ ഇതു സംബന്ധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യാൻ വേണ്ടി 1981-ൽ ശ്രീ. ഗോപാലസ്വാമി ഐ. എ. എസിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ; ആ റിപ്പോർട്ടിന്റെ പേരിൽ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ആ റിപ്പോർട്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ നടപടികളൊന്നും എടുത്തിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കാർഷികഉപകരണങ്ങൾ, സ്പെയർ പാർട്ടുകൾ എന്നിവ കോർപ്പറേഷന്റെ വർക്ക്ഷോപ്പുകളിൽ കോർപ്പറേഷനിലെ തൊഴിലാളികളെക്കൊണ്ടു തന്നെ ചെയ്യിച്ച് വർക്ക്ഷോപ്പുകൾ പൂർണ്ണമായി പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റാൻ ശ്രമിക്കുന്നതിന് പകരം, സ്വകാര്യ വ്യക്തികൾക്ക് സബ് കോൺട്രാക്ട് കൊടുക്കുന്നതിന്റെ ഫലമായിട്ട് ആണ് കോർപ്പറേഷൻ നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സബ് കോൺട്രാക്ട് സമ്പ്രദായം അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ : നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനുള്ള ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് എടുക്കുന്നതാണ്.

ശ്രീ എ. കെ. പത്മനാഭൻ : 1983-84-ൽ 16.47 ലക്ഷം രൂപയുടെ നഷ്ടം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുണ്ടെന്നാണ് പറഞ്ഞത്. അതിനുശേഷമുള്ള കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. അതിനുശേഷം കോർപ്പറേഷൻ ലാഭകരമായി പ്രവർത്തിക്കുമെന്ന് ഗവൺമെന്റ് ധരിക്കുന്നുണ്ടോ ; ഇപ്പോൾ കോർപ്പറേഷൻ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന ധാരണയാണോ ഗവൺമെന്റിനുള്ളത് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : നഷ്ടം കുറച്ചുകൊണ്ടുവരികയും അതിലൂടെ ലാഭകരമായി പ്രവർത്തിപ്പിക്കാനുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്യാം.

ശ്രീ. എ. കെ. പത്മനാഭൻ : കോർപ്പറേഷൻ ഉൽപ്പാദിപ്പിക്കുന്ന ഏറ്റവും നല്ല ട്രില്ലറുകൾ സ്വകാര്യ വ്യക്തികൾക്ക് വിതരണത്തിന് നൽകുകയും ബാംഗ്ലൂരിലെ ഒരു സ്വകാര്യ കമ്പനിയിൽ ഉണ്ടാക്കുന്ന ഗുണം കുറഞ്ഞ ട്രില്ലറുകൾ ഈ കോർപ്പറേഷൻവഴി വിതരണം ചെയ്യുകയും ചെയ്തതു കൊണ്ടല്ലേ ഈ നഷ്ടത്തിന് കാരണം ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അത് ശരിയല്ല.

ശ്രീ. സി. കെ. തങ്കപ്പൻ : റിപ്പോർട്ട് ഗവൺമെന്റ് വിശദമായി പഠിച്ചുകൊണ്ടിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. റിപ്പോർട്ട് പരിശോധിച്ചിടത്തോളം അങ്ങയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞ റിപ്പോർട്ടിന്റെ ഉള്ളടക്കം ഒന്ന് വെളിപ്പെടുത്താമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : പരിശോധിച്ചുകൊണ്ടിരിക്കുന്നു എന്ന് പറയുമ്പോൾ തീരുമാനമെടുത്താലേ ഗവൺമെന്റിന് പറയാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. തങ്കപ്പൻ : കാർഷിക യന്ത്രോപകരണങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഒരു പ്രധാന ജോലിയാണ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനം. അങ്ങനെ ഉൽപ്പാദിപ്പിക്കുന്ന ഈ യന്ത്രോപകരണങ്ങൾ സ്വന്തമായി അൽപ്പമെങ്കിലും കൃഷി ഭൂമിയുള്ള ഹരിജനങ്ങളുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ സൗജന്യമായി കൊടുക്കാൻ വല്ല വ്യവസ്ഥയുമുണ്ടോ ; ഇല്ലെങ്കിൽ അത് രൂപീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തന്നെ 37 പവ്വർ ട്രില്ലറുകൾ ഹരിജൻ സർവ്വീസ് സഹകരണ സംഘങ്ങൾക്ക് സൗജന്യമായി കൊടുത്തിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : അഗ്രോ മെഷിനറി ഇൻഡസ്ട്രീസ് കോർപ്പറേഷൻ 1983-84, 1984-85 ഈ സാമ്പത്തിക വർഷത്തിൽ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ലെന്ന് പറഞ്ഞു. ഓരോ കൊല്ലവും കണക്ക് തിട്ടപ്പെടുത്തി അതിന്റെ ആഡിറ്റ് ചെയ്യിച്ചില്ലെങ്കിൽ ഇതിന്റെ ഡയറക്ടറുടെ പേരിൽ പ്രോസിക്യൂഷൻ നടപടി എടുക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : കൃത്യമായി കണക്കുകൾ പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിലേക്കുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തു കഴിഞ്ഞിരിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അഗ്രോ മെഷീനറിയിൽ നിന്ന് വിടർത്തിക്കഴിഞ്ഞതിനുശേഷം സാധനങ്ങൾ വിൽക്കുന്ന ഇടപാടും നന്നാക്കലും മാത്രമേയുള്ളോ ? പല വർക്കുഷോപ്പുകളും ഇന്ന് ആളില്ലാതെയും, വർക്ക്ഷോപ്പുകളിൽ ആവശ്യമായവിധത്തിലുള്ള നടപടികളും എടുക്കാതെയും വന്നതിന്റെ ഫലമായി ഈ സാധനങ്ങൾക്ക് കേടുപാട് വന്നാൽ അത് ശരിയാക്കിക്കൊടുക്കുന്നതിനുള്ള നടപടികളും ഇല്ലാതെ വരുന്നുണ്ട്. അതുപോലെ തന്നെ അഗ്രോ മെഷീനറി ഇതിൽനിന്ന് വിട്ടുപോയിക്കഴിഞ്ഞതിനുശേഷം —അഗ്രോ പവ്വർട്രില്ലറായിരുന്ന ഇത് സാധാരണ വിറ്റുകൊണ്ടിരുന്നത് അത് മാറി കഴിഞ്ഞതിനുശേഷം ഇത് നഷ്ടമായിവരത്തക്കവിധത്തിലുള്ള നടപടികളിലേക്ക് നിങ്ങിക്കൊണ്ടിരിക്കുകയാണ്. കഴിയുന്നതുംവേഗം കർഷകർക്ക് ആവശ്യമായിട്ടുള്ള മെഷിനറികൾ ഉണ്ടാകുന്നതിനുവേണ്ടിയിട്ടുള്ള നടപടിയെടുക്കുമോ ?

ശ്രീ എൻ. സുന്ദരൻ നാടാർ : അത് പരിശോധിച്ച് ആവശ്യമായ നടപടി എടുക്കുന്നതാണ്.

ശ്രീ. വി. ദിനകരൻ : അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് ജില്ലാ ആസ്ഥാനങ്ങളിൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ ? അങ്ങനെയാണെങ്കിൽ ആലപ്പുഴ ജില്ലയിൽ ഓഫീസ് പ്രവർത്തിക്കുന്നില്ലെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അവിടെ അടിയന്തിരമായി ഒരു ഓഫീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ആ സ്ഥാനം ഇപ്പോൾ തിരുവനന്തപുരത്താണ്. അത് മാറ്റാൻ ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം

* 416. [444] ശ്രീ. ടി. കെ. ആറുമുഖൻ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly